KERALA CENTRAL LIBRARY K.A.U. (P.O.) THRISSUR
809055

# ജലസുരക്ഷ

# മഴവെള്ള സംരക്ഷണത്തിലൂടെ

KAU LIBRARY
809055
IR-630.251 VIS/JA

## ആമുഖം

മഴക്കാലത്ത് ഇഷ്ടംപോലെ വെള്ളം; പലയിടങ്ങളിലും വെള്ളപ്പൊക്കം; വേനലിൽ വെള്ളത്തിനായി നെട്ടോട്ടം. മഴ പെയ്തുകിട്ടുന്ന വെള്ളത്തിന്റെ മുക്കാൽ ഭാഗവും ഉപയോഗപ്പെടുത്താതെ നമ്മുടെ കൺമുന്നിലൂടെ ഒഴുകി കടലിലേക്കു പോകുന്നു. ഇവിടെ ഒരു കൊല്ലം പെയ്യുന്ന മഴ, ഒഴുകി പോകാനനുവദിക്കാതെ കെട്ടിനിർത്തുകയാണെങ്കിൽ കേരളത്തിന്റെ ഉപരിതലത്തിൽ ഏകദേശം മൂന്നുമീറ്റർ ഉയരത്തിൽ വെള്ളമുണ്ടാകും. ദേശീയ ശരാശരിയേക്കാൾ 2.78 ഇരട്ടി മഴ കിട്ടിയിട്ടും കേരളം ജലപ്രതിസന്ധി നേരിടുകയാണ്. ഹ്രസ്വമായ മഴക്കാലം, വർഷക്കാലത്ത് അതിശക്തിയായി പെയ്യുന്ന മഴ, വീതികുറഞ്ഞ് തൂക്കായ ഭൂപ്രകൃതി, വനനശീകരണം, നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തൽ, ജലമലിനീകരണം, ഉയർന്ന ജനസാന്ദ്രത തുടങ്ങിയവയാണ് കേരളം നേരിടുന്ന ജലക്ഷാമത്തിന്റെ പ്രധാന കാരണങ്ങൾ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാനും മഴവെള്ളത്തെ മണ്ണിലാഴ്ത്തി ഭൂഗർഭ ജലവിതാനം ഉയർത്താനും കൂടുതൽ പ്രവർത്തനങ്ങൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

വെള്ളം ഒരു അമൂല്യ വസ്തുവാണ്. നമ്മുടെ ആവശ്യാനുസരണം അതിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയില്ല. നിരന്തരമായ കാലാവസ്ഥ വ്യതിയാനങ്ങളും കാലവർഷത്തിന്റേയും തുലാവർഷത്തിന്റേയും ഗണ്യമായ കുറവും കേരളത്തെ ജലദൗർലഭ്യത്തിന്റെ പാതയിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. കാലം തെറ്റിയുള്ള മഴയും വർദ്ധിച്ചുവരുന്ന ചൂടും വരൾച്ചയുടെ കാഠിന്യം കൂട്ടുന്നു. അതിനാൽ ജലസംരക്ഷണ മാർഗ്ഗങ്ങൾ നാം അനുവർത്തിച്ചേ മതിയാകൂ.

## മഴവെള്ള സംഭരണവും ഭൂജല പോഷണവും - വിവിധ മാർഗ്ഗങ്ങൾ

*മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള സംഭരണം*




മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ശേഖരിച്ച് അരിച്ച് ശുദ്ധമാക്കി സംഭരണികളിൽ സൂക്ഷിച്ചാൽ കുടിവെള്ള ആവശ്യത്തിനായി നേരിട്ടുപയോഗിക്കാം. ചരൽ, കരി, മണൽ, എന്നിവ യഥാക്രമം മുകളിൽ നിന്നും താഴേക്ക് അടുക്കിയാണ് അരിപ്പ സജ്ജമാക്കുന്നത്. ഫെറോസിമെന്റ്, ഫൈബർ, ഇഷ്ടിക മുതലായവ കൊണ്ടുള്ള സംഭരണികൾ ഉപയോഗിക്കാവുന്നതാണ്. സംഭരണികളിൽ നിന്നുള്ള അധിക ജലം സമീപത്തെ കിണറുകളിലേക്ക് ഒഴുക്കിവിട്ട് ഭൂഗർഭജല വിതാനം കൂട്ടുകയും ചെയ്യാം. 10000 ലിറ്റർ ശേഷിയുള്ള ഒരു സംഭരണിയിൽ ഓരോ അഞ്ചംഗ കുടുംബത്തിനും കുടിക്കുന്നതിനും ഭക്ഷണം പാകം ചെയ്യാനുമുള്ള ശുദ്ധജലം ഇത്തരത്തിൽ ശേഖരിച്ച് സൂര്യപ്രകാശം കടക്കാതെ ഭദ്രമായി സൂക്ഷിച്ചു വെച്ചാൽ വേനൽകാലത്ത് ഉപയോഗിക്കാം.

*ഒഴുക്കുജല സംഭരണ കുളങ്ങൾ*



സമീപ പ്രദേശങ്ങളിൽ നിന്നും ഒഴുകി വരുന്ന ജലത്തെ സംഭരിക്കുന്ന ചെറുകുളങ്ങൾ ജലത്തെ ലംബമായും തിരശ്ചീനമായും മണ്‍ അടരുകളിലേക്ക് വാർന്നിറങ്ങി ഭൂഗർഭജലത്തിന്റെ വിതാനം ഉയർത്താൻ സഹായിക്കുന്നു.

*മഴവെള്ള സംഭരണ കുളങ്ങൾ*



ഗാർഹികേതര ആവശ്യങ്ങൾക്കായി ഭൂമിയുടെ ഉപരിതലത്തിലൂടെ ഒഴുകിപ്പോകുന്ന വെള്ളമോ, മഴവെള്ളം നേരിട്ടോ ശേഖരിച്ചു സംഭരിക്കാവുന്നതാണ്. ഇതിനായി കുളങ്ങൾ, ചിറകൾ, പോളിത്തീൻ ഷീറ്റുകൾ പാകിയ കുളങ്ങൾ തുടങ്ങി ഓരോ സ്ഥലത്തിനും യോജിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്.

*പുരയിടങ്ങളിലും കിണറുകൾക്കു ചുറ്റും മഴക്കുഴികൾ*



മഴവെള്ളം ഭൂമിയിൽ ആഴ്ത്താൻ ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗമാണ് മഴക്കുഴികൾ. സ്ഥലസൗകര്യത്തിനും മണ്ണിന്റെ ഘടനയ്ക്കും അനുസരിച്ചു പുരയിടങ്ങളിലും കൃഷിസ്ഥലങ്ങളിലും കുഴികൾ ഉണ്ടാക്കാം. മഴക്കാലത്ത് എപ്പോഴും വെള്ളം കുഴികളിൽ നിറഞ്ഞിരിക്കും. ഇത് ക്രമേണ ഭൂമിയിലേക്ക് ഊർന്നിറങ്ങും.

0.6 മീ x 0.6 മീ x 0 6 മീ അളവിലുള്ള കുഴികളാണ് അഭികാമ്യം. ഓരോ മഴയ്ക്കും വെള്ളം ഈ കുഴികളിൽ നിറയുകയും ക്രമേണ ഭൂമിയിലേക്ക് ഊർന്നിറങ്ങുകയും ചെയ്യും. ഇത്തരത്തിൽ ഓരോ പുരയിടത്തിലും 10 കുഴികൾ വീതം കുഴിച്ചാൽ ഒരു മഴയ്ക്കു 2160 ലിറ്റർ വെള്ളവും കേരളത്തിലെ 80 ലക്ഷത്തോളം വരുന്ന വീടുകളിൽ നിന്ന് പത്തു ഇടവിട്ടിട്ടുള്ള മഴകൊണ്ട് ഏകദേശം 17300 കോടി ലിറ്റർ വെള്ളം ഭൂമിക്കു കൊടുക്കാൻ കഴിയും.



ശക്തിയായി മഴ പെയ്യുന്ന ചരിഞ്ഞ പ്രദേശങ്ങളിൽ ചെരിവിന് കുറുകെയായി ചാലുകൾ നിർമ്മിക്കാവുന്നതാണ്. ഇതിന് 2 മീറ്റർ നീളവും 0.5 മീറ്റർ വീതിയും 0.5 മീറ്റർ ആഴവും ആവശ്യമാണ്. ഇത്തരം ചാലുകൾ മഴവെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും ഇത് വെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങാൻ സഹായിക്കുകയും ചെയ്യുന്നു.

*ചെങ്കൽ കുഴികളിൽ വെള്ളം നിർത്തുക*

K.A.U. (P.O.) LIBRARY



ഉപയോഗശൂന്യമായി കിടക്കുന്ന ചെങ്കൽ, കരിങ്കൽ, ക്വാറികളിൽ രൂപപ്പെടുന്ന കുഴികൾ, പൊട്ടകിണറുകൾ എന്നിവ ജലസംഭരണികളാക്കാം. വീടുകളിൽ പുരപ്പുറത്തും, പുരയിടങ്ങളിലും വീഴുന്ന വെള്ളം പൈപ്പ് വഴിയോ ചാലുകൾ വഴിയോ ചെങ്കൽ കുഴികളിൽ എത്തിച്ചാൽ വെള്ളം മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്നതിനും ഭൂഗർഭ ജലനിരപ്പ് ഉയർത്തുവാനും സാധിക്കും.

*കോണ്ടൂർ ചാലുകളും വരമ്പുകളും*







ചരിവുള്ള പ്രദേശങ്ങളിൽ ചരിവിന് കുറുകെ ചാലുകളും വരമ്പുകളും നിർമ്മിച്ചാൽ മഴവെള്ളത്തിന്റെ ഒഴുക്കും മണ്ണൊലിപ്പും തടയാവുന്നതാണ്. ചരിവ് 20%ൽ കൂടുതലുള്ള സ്ഥലങ്ങളിൽ തട്ട് തിരിച്ചു ഇടക്കയ്യാല വയ്ക്കുക.

*തടയണകൾ*



വൃക്ഷശിഖരങ്ങൾ കൊണ്ടുള്ള തടയണകൾ



മുളകൊണ്ടുള്ള തടയണകൾ



കോൺക്രീറ്റ് തടയണകൾ



മണൽ ചാക്കുകൾ കൊണ്ടുള്ള തടയണകൾ

നിലവിൽ ലഭ്യമായ മഴവെള്ളത്തിന്റെ സിംഹഭാഗവും ഉപയോഗശൂന്യമായി ഒഴുകി പോകുകയും ഇത് മേൽമണ്ണിന്റെ നഷ്ടത്തിന് കാരണമാകുകയും ചെയ്യുന്നു. ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞു നിർത്തുന്നതിനായി നീർചാലുകളുടേയും തോടുകളുടേയും വീതി കുറഞ്ഞ ഭാഗം നോക്കി കുറുകെ ചിലവു കുറഞ്ഞ ജൈവ തടയണകൾ നിർമ്മിക്കുക. ഇതിനായി വൃക്ഷശിഖരങ്ങൾ, മുള, മണൽ നിറച്ച ചാക്കുകൾ എന്നിവ ഉപയോഗിക്കാം.

*അടിയണകൾ*





ഭൂഗർഭ ജലം ഒലിച്ചു പോകാതെ തടഞ്ഞു നിർത്താൻ ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് താഴോട്ട് അടിയണകൾ നിർമ്മിക്കാം. അടിയണകൾ ഭൂഗർഭ ജലത്തിന്റെ ഒഴുക്ക് തടഞ്ഞ് ആ പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ഉയർത്താൻ സഹായിക്കും.

*പൊട്ടക്കിണറുകളും ഉപയോഗശൂന്യമായ കുഴൽ കിണറുകളും ഭൂഗർഭ ജലവിതാനം ഉയർത്താൻ ഉപയോഗിക്കുക*

ഭൂനിരപ്പിലൂടെ ഒഴുകി പാഴാവുന്ന മഴവെള്ളത്തെ കൃത്രിമ മാർഗ്ഗങ്ങളിലൂടെ അരിച്ചു ശുദ്ധീകരിച്ച് ഉപയോഗശൂന്യമായ കുഴൽ കിണറുകൾ, പൊട്ടക്കിണറുകൾ തുടങ്ങിയവയിലൂടെ ഭൂമിയിലേക്കിറങ്ങാൻ അനുവദിക്കാവുന്നതാണ്. ചരൽ, കരി, മണൽ, ചരൽ എന്നിവ യഥാക്രമത്തിൽ നിറച്ച (തിരശ്ചീനമായോ ലംബമായോ) ഫിൽറ്ററുകൾ ശുദ്ധീകരണത്തിനായി ഉപയോഗിക്കാവുന്നതാണ്. കേരളത്തിൽ കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിൽ ഏകദേശം ആറരലക്ഷം കിണറുകൾ വറ്റിവരണ്ട് ഉപയോഗ ശൂന്യമായി തീർന്നിട്ടുണ്ട്. ഇവയെല്ലാം ഇത്തരം ഭൂഗർഭ ജലപോഷണത്തിനായി ഉപയോഗിക്കാം.



*കൃഷിസ്ഥലങ്ങളിൽ ജൈവ പുതയിടൽ*

 

മണ്ണിനു പുതയിടുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. ഉണങ്ങിയ ഇലകൾ, ചപ്പുചവറുകൾ, വൈക്കോൽ, മുൻ വിളകളുടെ അവശിഷ്ടങ്ങൾ ഇവയെല്ലാം പുതയിടാൻ ഉപയോഗിക്കാം. മണ്ണിന്റെ ജൈവാംശം വർധിപ്പിച്ച് ജലാഗിരണശേഷി കൂട്ടുന്നതിനും പുതയിടൽ സഹായകമാണ്.

*ആവരണ വിളകളും ജൈവ വേലിയും വെച്ചു പിടിപ്പിക്കുക*

 

പയർ വർഗത്തിൽപ്പെട്ട ചെടികളെ ആവരണവിളകളായി നട്ട് വളർത്തിയാൽ പുതയിടലിന്റെ പ്രയോജനം ചെയ്യും. കലപ്പഗോണിയം, പ്യൂറേറിയ, സെന്ററോസിമ, തുടങ്ങിയവ ഇതിനു പറ്റിയ ചെടികളാണ്. പറമ്പുകളിൽ രാമച്ചവും, പുല്ലുവർഗ്ഗത്തിൽപ്പെടുന്ന മറ്റു ചെടികളും നട്ടുപിടിപ്പിച്ച് വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കാം.

*സമ്മിശ്ര കൃഷിയും ബഹുനില കൃഷിയും*

 

വിവിധ ഉയരങ്ങളിൽ വളരുന്ന വിളകൾ ഒരേ സ്ഥലത്തു കൃഷി ചെയ്യുന്ന രീതിയാണിത്. മഴവെള്ളം ഭൂമിയിൽ നേരിട്ട് പതിക്കുന്നതും ഉപയോഗപ്പെടാതെ കുത്തിയൊലിച്ചു പോകുന്നതും തടയാൻ ഈ കൃഷിരീതികൾ സഹായിക്കും.

*തെങ്ങിൻ തോപ്പുകളിൽ തൊണ്ട് അടുക്കുക*



നാളികേര തൊണ്ടുകൾക്കു സ്വന്തം ഭാരത്തിന്റെ ആറ് ഇരട്ടിവരെ വെള്ളം സംഭരിച്ചു വെയ്ക്കാനുള്ള കഴിവുണ്ട്. ഇടവപ്പാതിക്കു തൊട്ടുമുമ്പ് തെങ്ങിനുചുറ്റും അരമീറ്റർ വീതിയിലും താഴ്ചയിലും ചാലുകൾ കീറി മൂന്നോ നാലോ അടുക്കുകളായി തൊണ്ടുകൾ മലർത്തിയും മുകളിലെ അടുക്ക് കമഴ്ത്തിയും വെക്കുക. അഞ്ചു മുതൽ ഏഴു വർഷം വരെ ഇതിന്റെ പ്രയോജനം നിലനിൽക്കും.

*തെങ്ങിന് ചുറ്റും തടമെടുക്കുക*



തെങ്ങിന് ചുറ്റും തടമെടുത്താൽ തടത്തിൽ വീഴുന്ന ജലം അത്രയും മണ്ണിൽ താഴും. കാലവർഷാരംഭത്തിൽ തടമെടുക്കണം. അതിൽ ചപ്പുചവറുകളും മറ്റു വളങ്ങളും ചേർക്കാം. തുലാവർഷം കഴിയുന്ന ഉടനെതന്നെ തടങ്ങൾ വെട്ടി മൂടണം. വേനൽക്കാലത്തു ഈ തടങ്ങളിൽ തെങ്ങോലകളും മറ്റു ചപ്പുചവറുകളും പുതയായി ഉപയോഗിച്ച് ബാഷ്പീകരണം തടയുകയും വേണം.

*തണ്ണീർ തടങ്ങളും ചതുപ്പു നിലങ്ങളും നെൽപാടങ്ങളും നിലനിർത്തുക*

വികസനത്തിന്റെ പേരിൽ വയലുകളും ചതുപ്പുകളും നികത്തുമ്പോൾ വെള്ളം ഭൂമിയിൽ താഴ്ന്ന് ഭൂഗർഭ ജലവിതാനം ഉയർത്തുവാനുള്ള അവസരം നഷ്ടപ്പെടുന്നു. അതിനാൽ ഇനിയെങ്കിലും നിലവിലുള്ള ഇത്തരം തണ്ണീർ തടങ്ങൾ നികത്താതിരിക്കുകയും കുളങ്ങൾ, ചിറകൾ തുടങ്ങിയവ മൂടിക്കളയാതിരിക്കുകയും, മൂടിയവയും ഉപയോഗശൂന്യമായവയും പുനരുദ്ധരിക്കുകകയും ചെയ്യുക.

*കാവുകൾ നിലനിർത്തുക*

കാവുകളോടു ചേർന്നുള്ള കുളങ്ങൾ മികച്ച ജലസ്രോതസ്സുകളായതിനാൽ കാവുള്ള സ്ഥലങ്ങളിൽ ലഭിക്കുന്ന ജലം ചാലുകീറി ഈ കുളങ്ങളിലേക്കു തിരിച്ചുവിടുക.

*തെങ്ങിന് ചുറ്റും ചെറുനീർത്തടങ്ങൾ*



തെങ്ങ്, കവുങ്ങ് പോലെയുള്ള വൃക്ഷവിളകൾ വളരുന്ന കൃഷിയിടങ്ങളിൽ അവിടെ തന്നെ ജലശേഖരണം നടത്താനുള്ള രീതികൾ അവലംബിക്കാവുന്നതാണ്. നേരിയ ചെരിവുള്ള സ്ഥലങ്ങളിൽ വളരെ ചെറിയ നീർമറികൾ (50 മുതൽ 100 ച.മീറ്റർ വരെ വിസ്തീർണ്ണത്തിൽ) നിർമ്മിച്ച് ഓരോ വൃക്ഷത്തിന്റേയും തടത്തിലേക്ക് നീരൊഴുക്ക് നയിക്കുന്നതും അതോടൊപ്പം പുതയിടിലും വരൾച്ചയുടെ ആഘാതവും കുറയ്ക്കാൻ സാധിക്കും.

## വരൾച്ചയെ നേരിടാൻ ദീർഘകാല അടിസ്ഥാനത്തിലുള്ള മുന്നൊരുക്കങ്ങൾ

- വനവൽക്കരണം പ്രോത്സാഹിപ്പിക്കുക
- പുഴകളിൽ നിന്നുള്ള അമിതമായ മണൽ വാരൽ തടയുക
- ജലസ്രോതസ്സുകൾ മലിനമാക്കാതിരിക്കാൻ ശ്രദ്ധിക്കുക
- ജല ചൂഷണവും അമിത ജല ഉപയോഗവും തടയുക
- അനിയന്ത്രിതവും അശാസ്ത്രീയവുമായ ഭൂഗർഭ ജലം ഊറ്റൽ അവസാനിപ്പിക്കുക
- മണ്ണ്, ജല സംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക
- മലിനജലം ശുദ്ധീകരിച്ചു ഉപയോഗിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക
- സൂക്ഷ്മജലസേചനവും അതോടൊപ്പം ഫെർട്ടിഗേഷനും അനുവർത്തിക്കുക
- നദികളേയും അവയുടെ വൃഷ്ടി പ്രദേശങ്ങളേയും സംരക്ഷിക്കുക
- വെള്ളം മണ്ണിൽ താഴുന്നത് തടയുന്ന പ്ലാസ്റ്റിക് സാധനങ്ങൾ മണ്ണിൽ ഉപേക്ഷിക്കാതിരിക്കുക
- ഭൂഗർഭ ജലം ഉയർത്താനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കുക. അങ്ങിനെ ജലസ്രോതസ്സുകൾ സമ്പുഷ്ടമാക്കുക
- ഓരോ പറമ്പിലും വീഴുന്ന മുഴുവൻ വെള്ളവും നിർബന്ധമായും അവിടെത്തന്നെ ഭൂമിയിലേക്ക് ഇറങ്ങാനുള്ള സംവിധാനങ്ങൾ ഒരുക്കുക

809055

# കാര്യക്ഷമമായ ജല ഉപയോഗത്തിന് ദൈനംദിനം അനുവർത്തിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ

- കുടിവെള്ളത്തിനായി വിതരണം ചെയ്യുന്ന ശുദ്ധജലം പറമ്പു നനയ്ക്കാനും വാഹനങ്ങൾ കഴുകാനും ഉപയോഗിക്കാതിരിക്കുക
- വീടുകളിലെ ടാങ്ക് നിറഞ്ഞു കവിഞ്ഞൊഴുകാതിരിക്കാൻ ഫ്ളോട്ട് വാൽവ് ഘടിപ്പിക്കുക
- അടുക്കളയിൽ കൈവിട്ടാൽ താനെ അടയുന്ന തരത്തിലുള്ള ടാപ്പുകൾ ഉപയോഗിക്കുക
- കൂടുതൽ വെള്ളം ആവശ്യമില്ലെങ്കിൽ ടാപ്പ് മുഴുവനായും തുറക്കാതിരിക്കുക
- പാത്രങ്ങൾ തുണികൾ തുടങ്ങിയവ കഴുകുമ്പോഴും കുളിക്കുമ്പോഴും പല്ലു തേക്കുമ്പോഴും ഷേവ് ചെയ്യുമ്പോഴുമെല്ലാം മുഴുവൻ നേരവും ടാപ്പ് തുറന്നിട്ട് വെള്ളം പാഴാക്കാതിരിക്കുക. ആവശ്യത്തിന് മാത്രം ടാപ്പ് തുറക്കുകയോ, പാത്രത്തിൽ വെള്ളം ശേഖരിച്ച് ഉപയോഗിക്കുകയോ ചെയ്യുക
- ഒരിക്കൽ ഉപയോഗിച്ച വെള്ളം മറ്റാവശ്യങ്ങൾക്കായി വീണ്ടും ഉപയോഗിക്കുക
- ഉപയോഗശൂന്യമായ ജലം ഓടയിൽ ഒഴുക്കി കളയാതെ മണ്ണിൽ താഴ്ന്നിറങ്ങാൻ അനുവദിക്കുക
- വീടിന്റെ മുറ്റവും പരിസരവും വെള്ളം ഇറങ്ങാത്ത വിധം കോൺക്രീറ്റ് ചെയ്യാതിരിക്കുക

വായു കഴിഞ്ഞാൽ ജീവജാലങ്ങൾക്ക് ജീവനാധാരമായിട്ടുള്ളത് ജലമാണ്. ഈ അമൂല്യ സമ്പത്ത് സസൂക്ഷ്മം കൈകാര്യം ചെയ്യേണ്ടത് മനുഷ്യരാശിയുടെ തന്നെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഏറ്റവും വലിയ ജലസംഭരണി ഭൂമി തന്നെയാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ഭൂഗർഭജല വിഭവശേഷി വർധിപ്പിക്കാൻ മഴക്കാലം ഉപയോഗിക്കണം. വെള്ളത്തിന് പകരം വെള്ളം മാത്രമേയുള്ളുവെന്നും ഇത് യഥേഷ്ടം ഉണ്ടാക്കാൻ കഴിയാത്ത ഒരു അമൂല്യ വസ്തുവാണെന്നും നാം ഓരോരുത്തരും മനസിലാക്കി ദൈനംദിന ജീവിതത്തിലും കാർഷിക മേഖലയിലും ഒരു തുള്ളിപോലും പാഴാക്കാതെ വളരെ കൃത്യതയോടെ മാത്രം ഉപയോഗിക്കാൻ ശീലമാക്കണം.

ഓരോ തുള്ളിക്കും കൂടുതൽ വിളവ് എന്ന നമ്മുടെ ലക്ഷ്യം കൈവരിക്കാനായി ജലസേചന രംഗത്തു സൂക്ഷ്മജലസേചന മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുക. ഇപ്പോൾ പാഴാക്കുന്ന ഓരോ തുള്ളി ജലത്തിനു വേണ്ടിയും വേനൽക്കാലത്തു നാം മൈലുകൾ താണ്ടേണ്ടി വരുമെന്ന് ഓർക്കുക.